**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3954** **15-07-2022 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചാത്തന്നൂർ മണ്ഡലത്തിലെ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | (എ) ചാത്തന്നൂർ നിയമസഭ നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള ഇത്തിക്കര ഐസിഡിഎസ് പ്രോജക്ടിൽ ഉൾപ്പെടുന്ന 34 അങ്കണവാടികളും കൊട്ടാരക്കര ഐ.സി.ഡി.എസ് പ്രോജക്ടിലെ പൂയപ്പള്ളി പഞ്ചായത്തിലെ അഞ്ച് അങ്കണവാടികളും ഹൈ-ടെക് ആക്കി മാറ്റുന്നതിന് 'പൊൻകിരണം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുകയും ഇതിലേക്കാവശ്യമായ ഒരു കോടി അറുപത് ലക്ഷം രൂപ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കുകയും ഇതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായ സാഹചര്യത്തിൽ നവീകരണപ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>ഇത്തിക്കര പ്രോജക്ടിലെ 5 അങ്കണവാടികൾക്ക് മൂന്ന് ലക്ഷം രൂപ നിരക്കിൽ പതിനഞ്ച് ലക്ഷം രൂപ വിനിയോഗിച്ച് അങ്കണവാടി നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തുകൾ ഭൂമി വാങ്ങിയിട്ടുണ്ട്.<br><br>വകുപ്പിന്റെ സ്മാർട്ട് അങ്കണവാടി കെട്ടിടനിർമ്മാണ പദ്ധതി പ്രകാരം വകുപ്പിൽ നിന്നുള്ള ഒരു കോടി ഇരുപത്തിയേഴ് ലക്ഷം രൂപയും തദ്ദേശസ്ഥാപനങ്ങളുടെ വിഹിതമായ 81,82,052/- രൂപയും ചേർത്ത് ആകെ 2,08,82,052/- രൂപ വിനിയോഗിച്ച് 7 സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.<br><br>ഇത്തിക്കര പ്രോജക്ടിൽ വനിതശിശുവികസന വകുപ്പിന്റെ സ്പെഷ്യൽ അങ്കണവാടി നിർമ്മാണത്തിലുൾപ്പെടുത്തി ഒരു അങ്കണവാടിയുടെ നവീകരണം പൂർത്തികരിച്ചിട്ടുണ്ട്. ചാത്തന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ തുക വകയിരുത്തി 52 അങ്കണവാടികൾക്ക് 10,45,207/- രൂപ വിനിയോഗിച്ച് വാട്ടർ ടാങ്കും പൈപ്പ് കണക്ഷനും, 38 |

| | | | |
|---|---|---|---|
| | | | അങ്കണവാടികളിൽ 4,75,975/- രൂപ വിനിയോഗിച്ച് വാട്ടർ പ്യൂരിഫയറും സ്ഥാപിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ചായം പദ്ധതിയിൽ ചാത്തന്നൂർ മണ്ഡലത്തിലെ ഏതെങ്കിലും അങ്കണവാടികളെ ഉൾപ്പെട്ടുത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | (ബി) ഇത്തിക്കര ഐ.സി.ഡി.എസ് പ്രോജക്ടിലെ കല്ലുവാതുക്കൽ പഞ്ചായത്തിലെ 85-ാം നമ്പർ അങ്കണവാടി, കൊട്ടാരക്കര ഐ.സി.ഡി.എസ് പ്രോജക്ടിലെ പൂയപ്പള്ളി പഞ്ചായത്തിലെ 172-ാം നമ്പർ അങ്കണവാടി എന്നിവയെ ചായം പദ്ധതിയിലുൾപ്പെടുത്തി രണ്ട് ലക്ഷം രൂപ വീതം വിനിയോഗിച്ച് നവീകരണം പൂർത്തികരിച്ചു. |

സെക്ഷൻ ഓഫീസർ